DESPATCHED
On..09/06/2020..

16-3-2020


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in


ഹർജി നമ്പർ **AP. 2252*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14874**/*എസ്.ഐ.സി-ജി 6/15*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**അഡ്വ.സുധീഷ് കുമാർ എസ്.ആർ.,**
**വൈകണ്ഠം ലാ ചേമ്പേഴ്സ്,**
**കോടതി സമുച്ചയത്തിന് എതിർവശം,**
**കണ്ണിപുരം റോഡ്, നെയ്യാറ്റിൻകര – 695 121.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
   പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്,
   ഗവ.സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി,
   ആഭ്യന്തര (ഡി) വകുപ്പ്,
   ഗവ.സെക്രട്ടേറിയറ്റ്,
   തിരുവനന്തപുരം.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29.06.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.07.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.08.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 16.09.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 15.09.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.09.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.11.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായില്ല.<br>ഹാജരായിരുന്നു. |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ അഡ്വ.സുധീഷ് കുമാർ എസ്.ആർ., 15.09.2015ന് സമർപ്പിച്ച അപ്പീൽ ഹർജി 16.09.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2252(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പിലിനും മറുപടി ലഭ്യമാക്കിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 29.06.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 24.07.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന നിവേദനം ടി വകുപ്പിൽ ലഭിച്ചിട്ടുള്ളതായി കാണുന്നില്ലെന്നും ആയതിനാൽ ടിയാൻ 12.6.2015ൽ സമർപ്പിക്കുകയും 20.6.2015ൽ ടി വകുപ്പിൽ ലഭിച്ചതായും പറയുന്ന നിവേദനത്തിന്റെ വിശദാംശങ്ങൾ ടിയാന്റെ അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ വിവരങ്ങളൊന്നും തന്നെ നൽകാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചതെന്നുമാണ്. കൂടാതെ ടിയാന്റെ അപേക്ഷയിലെ മറ്റുള്ള ആവശ്യങ്ങളിന്മേൽ ലഭ്യമായ വിവരങ്ങൾ നേരിട്ട് നൽകുന്നതിനായി ടിയാന്റെ അപേക്ഷയുടെ പകർപ്പ് വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ആഭ്യന്തര വകുപ്പിനും നൽകിയിട്ടുണ്ടെന്ന വിവരവും വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്കും നൽകിയിട്ടുണ്ടെന്ന വിവരവും അറിയിച്ചിട്ടുണ്ടെന്നുമാണ്.

4. ആഭ്യന്തര (ഡി) വകുപ്പിലെ രണ്ടാം എതിർകക്ഷി 17.10.2015ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന ടി വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ടിയാന് നൽകിയിട്ടുണ്ടെന്നാണ്. എന്നാൽ 17.09.2014-ലെ കത്തു മുഖേന ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും സെപ്റ്റംബർ 15നു ടി വകുപ്പിൽ ലഭ്യമായിട്ടുള്ളതും ആയത് സർക്കാരിന്റെ പരിഗണനയിലാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 27.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടിയ്ക്കെതിരെ അപ്പീൽ ഫയൽ ചെയ്തപ്പോഴാണ് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങളിൽ വ്യക്തത വന്നതെന്നും ഇപ്പോൾ കറന്റ് ഫയലിന്റെയും നോട്ട് ഫയലിന്റെയും പകർപ്പ് നൽകിയിട്ടുണ്ടെന്നും ആഭ്യന്തര (ഡി) വകുപ്പിന് ടിയാന്റെ അപേക്ഷ കൈമാറിയതു പ്രകാരം പ്രസ്തുത ഓഫീസിൽ നിന്നും മറുപടി നൽകിയിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 16–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/